## ഡിജിറ്റൽ മാഗസിൻ

# വിദ്യാതീരം



### സെന്റ് തോമസ് ജി എച് എസ്
### പുന്നത്തുറ

little KITEs

# ഉള്ളടക്കം


| | |
|---|---|
| മാലാഖയുടെ കൊച്ച് സ്വപ്നങ്ങൾ | കഥ |
| പ്രാർത്ഥനയുടെ ശക്തി | ചെറുകഥ |
| കാക്കയും കുരുവിയും | കഥ |
| മൗനം | കവിത |
| ഒരു അമ്മയും കുട്ടിയും | കഥ |
| കാക്ക | ചെറുകഥ |
| പാവമായ അനിയത്തി പ്രാവ് | കഥ |
| കുരുവി | കവിത |
| കെട്ടുപോയ കുടുംബ വിളക്ക് | കഥ |
| യാത്രാവിവരണം | |
| ഫോറെവർ ബെസ്റ്റീസ് | കഥ |
| പാചകകല | |
| ചിത്രകല | |
| മാപ്പിളപ്പാട്ട് | |

# ആശംസകൾ

മീനച്ചിലാറിന്റെ തീരത്ത് പ്രകൃതി സൗന്ദര്യം വഴിഞ്ഞൊഴുകുന്ന പുന്നത്തുറ ഗ്രാമത്തിലെ സെൻതോമസ് ഗേൾസ് ഹൈസ്കൂൾ ഇപ്പോൾ സാങ്കേതികവിദ്യയുടെ കളരിയായിരിക്കുന്നു. സർഗാത്മകതയുടെ ആദ്യ നാമ്പ് ഹൃദയത്തിൽ കുരുക്കാൻ ആറിന്റെ നനവും, നാടിന്റെ നന്മയും, വിദ്യാലയത്തിന്റെ വിശുദ്ധിയും ഇവിടെ ഏറെ അനുകൂല സാഹചര്യങ്ങളാണ്. സാങ്കേതിക വൈദഗ്ധ്യം ഉള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ലിറ്റിൽ കൈറ്റ്സിലൂടെ സാധിക്കുന്നു. മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതികവിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിന് ഈ ഡിജിറ്റൽ മാഗസിൻ പ്രയോജനപ്രദമാകട്ടെ! കലാസാഹിത്യ നാമ്പുകളെ കണ്ടെത്തി വളർത്തിയെടുക്കാനും, വെട്ടി ഒരുക്കാനുമുള്ള പരിശ്രമത്തിന്റെ ഭാഗമാവട്ടെ ഇത്തരം സംരംഭങ്ങൾ.

വിവരങ്ങൾ നിർമ്മിക്കുകയും പങ്കിടുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഏറെ പങ്കു വഹിക്കുന്നുണ്ട്. ഓരോ കാലഘട്ടത്തിലും പഴയ അറിവുകൾ തിരുത്തപ്പെടുകയും പുതിയ അറിവുകൾ വികസിക്കുകയും ചെയ്യുന്നു. ഓരോ കാലഘട്ടവും വിദ്യാർത്ഥികളിൽ നിന്ന് ആവശ്യപ്പെടുന്ന കഴിവുകൾ വ്യത്യസ്തമാണ്. പതിറ്റാണ്ട് മുമ്പ് വരെ ഉണ്ടായിരുന്ന തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമായിരുന്നില്ല. എന്നാൽ ഇന്നത്തെ തലമുറയ്ക്ക് കമ്പ്യൂട്ടർ അറിവില്ലായ്മ എന്നത് നിരക്ഷരതയ്ക്ക് തുല്യമായാണ് കണക്കാക്കുന്നത്. പൊടുന്നനെ മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, അതിവേഗം കുതിച്ചുയരുന്ന പുരോഗമനങ്ങൾക്കിടയിൽ, മാറാതെ നിലകൊള്ളുന്ന ഒട്ടനേകം ചിന്തകളും മാറ്റപ്പെടേണ്ട പലതരം ധാരണകളും ഇന്നും നിലനിൽക്കുന്നുണ്ട് എന്ന് മനസ്സിലാകും വിധം മനോഹരമായ രചനകളാണ് കുട്ടികൾ എഴുതിയവയെല്ലാം.

ഭാവിയുടെ വാഗ്ദാനങ്ങൾ എന്ന് നിസംശയം ആശംസിക്കാവുന്ന കുഞ്ഞു ശില്പികൾ ഈ അക്ഷരമുറ്റത്ത് നിർമ്മിച്ച കൗതുകമുള്ള കൊച്ചു കളിവഞ്ചികൾ ചേർത്ത് മനോഹരമായ ഒരു ഉത്സവകാഴ്ചയാണ് ഈ സോഫ്റ്റ് സ്പേസിൽ ഇവർ നിർമ്മിച്ചിരിക്കുന്നത്. ഡിജിറ്റൽ മാഗസിനെ അണിയിച്ചൊരുക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും കൈറ്റ് മാസ്റ്റർമാരെയും ഹൃദ്യമായി അഭിനന്ദിക്കുന്നു.

സി. അരുൺ തട്ടാർകുന്നേൽ
ഹെഡ് മിസ്ട്രസ്

സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളാണ് ലിറ്റിൽ കൈറ്റ്സിലൂടെ കുട്ടികൾക്ക് നേടുവാൻ അവസരങ്ങൾ കിട്ടുന്നത്. ഇന്ന് നേടുന്ന ഇത്തരത്തിലുള്ള അറിവുകളാണ് ഭാവിയിലെ ലോകത്തിൽ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരുന്നത്. മാത്രമല്ല കുട്ടികളെ സംബന്ധിച്ചിടത്തോളം അവസരങ്ങളുടെ ഒരു വലിയ ലോകമാണ് കുട്ടികൾക്ക് ലഭിക്കുന്നത്. ഈ അറിവുകൾ നേടുവാനും ഭാവിയിൽ അവസരങ്ങൾ പ്രയോജനപ്പെടുത്താനും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ 1**
**ഡെമിൽ ലൂക്ക്**

സെന്റ് തോമസ് ഗേൾസ് ഹൈസ്കൂൾ പുന്നത്തുറ, 2022- 25 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ "വിദ്യാതീരം" എന്ന ഡിജിറ്റൽ മാഗസിനിൽ, അവർ ആർജിച്ചെടുത്ത അറിവുകളും, അവരുടെ സർഗ്ഗ ശേഷികളും ക്രിയാത്മകമായി ഉപയോഗിച്ചിരിക്കുന്നു എന്ന് കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. അവരുടെ ഈ മഹത്തായ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു

**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ 2**
**വിജയ് മാത്യു**

# ആമുഖം

ബഹുമാനപ്പെട്ട വരെ...

സെൻറ് തോമസ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ അവരുടെ ഇത്രയും നാളത്തെ പരിശീലനം കൊണ്ട് കരസ്ഥമാക്കിയ അറിവാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കൂളിലെ എല്ലാ ക്ലാസുകളിലും നിന്ന് ഏറ്റവും മികച്ച കഥകളും കവിതകളും പാചകക്കുറിപ്പുകളും ചിത്രരചനകളും ഈ മാഗസിൻ തയ്യാറാക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു. ഈ മാഗസിൻ തയ്യാറാക്കുന്നതിനായി പ്രയത്നിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. സ്ക്രൈബസ് എന്ന സോഫ്റ്റ്‌വെയറില്ലൂടെയാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്. വിവിധങ്ങളായ ഡിസൈനുകളും നിറങ്ങളും ചേർത്ത് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു

## എഡിറ്റോറിയൽ കമ്മിറ്റി

ജമീമ ജോൺ , സോന ജോബി , എലിസബത്ത് പി . സുനിൽ, എലിസബത്ത് ബിജു, ആർദ്ര മധു , ജാനറ്റ് ജോമോൻ,വിസ്മയ ബിജു ,അൽഫോൻസ ജോൺസൺ

# മാലാഖയുടെ കൊച്ച് സ്വപ്നങ്ങൾ



ഒരു പെൺകുട്ടി സാധാരണ വീട്ടിൽ ജനിച്ചുവളർന്നവൾ. അവൾക്ക് അവളുടെ മുത്തശ്ശനെ ഒത്തിരി ഇഷ്ടമായിരുന്നു. നാലാം ക്ലാസിൽ പഠിക്കുമ്പോൾ മുത്തശ്ശൻ ഒരു അപകടത്തിൽ മരിച്ചു.അവൾ ദുഖിതയായി. എന്നും അവൾ മുത്തശ്ശനെ ഓർക്കുമായിരുന്നു. മുത്തശ്ശിയെ കാണുമ്പോൾ അവൾക്ക് മുത്തശ്ശനെയും ഓർമ്മ വരുമായിരുന്നു. മനസ്സിൽ എല്ലാവരോടും സ്നേഹവും നന്മയും ഉള്ളവരായിരുന്നു. കുടുംബത്തെ ഒത്തിരി സ്നേഹിച്ചിരുന്നു. അവളുടെ മാതാപിതാക്കളെ അറിഞ്ഞുകൊണ്ട് ഒരിക്കലും വേദനിപ്പിച്ചിട്ടില്ല. അങ്ങനെ അവൾ പത്താം ക്ലാസിൽ എത്തി. വലിയൊരു ചുമതല ഘട്ടത്തിൽ അവൾ എത്തി. മുത്തശ്ശി എപ്പോഴും പറയും ഫുൾ എ പ്ലസ് വാങ്ങിക്കണമെന്ന് . അവൾക്ക് ഒത്തിരി ആഗ്രഹമുണ്ട് വാങ്ങിക്കണമെന്ന് . ചില വിഷയങ്ങൾ അവർക്ക് പാടായിരുന്നു. നല്ല പ്രാർത്ഥന അവളിൽ വളർന്നുവന്നു. കുഞ്ഞുകുഞ്ഞ് നന്മ പ്രവർത്തികൾ ത്യാഗങ്ങൾ എന്നിവ അവൾ ചെയ്യുവാൻ തുടങ്ങി. അവൾ എല്ലാവരെയും സ്നേഹിക്കുന്നു പക്ഷേ അവളുടെ സ്നേഹം യഥാർത്ഥമായി തിരിച്ചറിയാൻ പലർക്കും സാധിച്ചില്ല. ചെറുപ്പത്തിൽ വാ തുറന്നാൽ തർക്കുത്തരം മാത്രം പറയുന്ന കുട്ടത്തിൽ ആയിരുന്നു. ഇപ്പോഴാണ് അതൊക്കെ നിന്നത്. അങ്ങനെ അവളുടെ മുട്ടിപ്പായുള്ള പ്രാർത്ഥനയുടെ ഫലം കൊണ്ട് ഫുൾ എ പ്ലസ് ദൈവം നൽകി. ആദ്യമൊക്കെ പ്രാർത്ഥിച്ചാൽ ദൈവം സാധിച്ചു തരുമോ എന്ന് അവൾക്ക് സംശയം ആയിരുന്നു. ഇപ്പോഴാണ് അതിൻറെ യാഥാർത്ഥ്യം അവൾക്ക് മനസ്സിലായത്. നമ്മുടെ കഥയിലെ ഈ സുന്ദരിക്ക് ഇനിയും ഒത്തിരി ആഗ്രഹങ്ങളും സ്വപ്നങ്ങളും ഒക്കെ ഉണ്ട് അത് അവൾ നേടും എന്നാണ് അവളുടെ വിശ്വാസം. എല്ലാവരിലും ചിലർ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി ജോലി പഠിക്കുന്നു. എന്നാൽ ഈ കുട്ടി അവളുടെ ആഗ്രഹത്തിന് വേണ്ടി പരിശ്രമിക്കുന്നു. നോക്കൂ നമ്മുടെ ലൈഫ് തീരുമാനിക്കേണ്ടത് നമ്മളാണ്. അത് വേറെ ഒരാൾക്കും ഉള്ളതല്ല. മുന്നേറു നിങ്ങളുടെ സ്വപ്നജീവിതം തുടങ്ങാം തുടങ്ങൂ....

അമിത മനോജ്
10 എ

# പ്രാർത്ഥനയുടെ ശക്തി



ലീലയുടെയും പൗലോസിന്റെയും ഒറ്റ മകളായിരുന്നു റീന. അവളുടെ മാതാപിതാക്കൾ ഒരിക്കലും അവളെ പഠിക്കുവാൻ പറഞ്ഞു നിർബന്ധിച്ചിട്ടില്ല. അവൾക്ക് ക്ലാസിൽ എപ്പോഴും രണ്ടാം സ്ഥാനമായിരുന്നു. പക്ഷേ അവൾക്ക് ഒരു പ്രാവശ്യമെങ്കിലും ടോപ്പർ ആകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അവൾ കുറെ പരിശ്രമിച്ചിട്ടും അവൾ ഉദ്ദേശിച്ച ഒന്നാം സ്ഥാനം കിട്ടിയില്ല. അവളുടെ ക്ലാസിലെ മീരയ്ക്കായിരുന്നു എല്ലാ വിഷയങ്ങൾക്കും ഫുൾ മാർക്ക്. റീന മീരയോട് ചോദിച്ചു നിനക്ക് എങ്ങനെയാണ് എല്ലാ പ്രാവശ്യവും ഒന്നാം സ്ഥാനം കിട്ടുന്നത്? അവൾ പറഞ്ഞു ഞാൻ എല്ലാ ദിവസവും മുട്ടിൽ നിന്ന് പ്രാർത്ഥിക്കും. എന്നിട്ടാണ് പഠിക്കുവാൻ പോകാറ്. അപ്പോൾ ഞാൻ പഠിക്കുന്നത് എല്ലാം എൻറെ തലയിൽ ഉണ്ടാകും. നീയും അങ്ങനെ പഠിക്ക് എന്ന് അവളോട് പറഞ്ഞു. അപ്പോൾ റീന പറഞ്ഞു ഇനി ഞാനും അങ്ങനെ പഠിക്കും. അവൾ വീട്ടിൽ പോയി മുട്ടിന്മേൽ നിന്ന് കൊന്ത ചൊല്ലി പ്രാർത്ഥിച്ചപ്പോൾ അവൾക്ക് പെട്ടെന്ന് എല്ലാം പഠിക്കുവാൻ പറ്റി. അങ്ങനെ അവർ ക്ലാസിൽ ടോപ്പ് ആയി.


അൽന ജോസ്മോൻ

8 B

# കാക്കയും കുരുവിയും

പണ്ട് പണ്ട് ഒരിടത്തു ഒരു കാക്കയും കുരുവിയും താമസിച്ചിരുന്നു.അതിൽ കാക്കയുടെ വീട് കച്ചികൊണ്ടുള്ള വീടായിരുന്നു.പക്ഷേ കുരുവിയുടെ വീട് ഓടിട്ട അതിമനോഹരമായ വീടായിരുന്നു.ഒരു ദിവസം ആ പ്രദേശത്തു അതിശക്തമായ മഴ പെയ്തു.ഇടിയും മിന്നലും ഉണ്ടായിരുന്നു.പെട്ടെന്ന് ഇടിമിന്നലേറ്റ് കാക്കയുടെ കച്ചികൊണ്ടുള്ള വീട് കത്തിക്കരിഞ്ഞു പോയി.കാക്ക മുഴുവനും നനഞ്ഞു.അപ്പോൾ കാക്ക കുരുവിയുടെ മനോഹരമായ വീട്ടിൽ ചെന്ന് കതകിൽ മുട്ടി.കുരുവി ചേച്ചി..... കുരുവി ചേച്ചി..... എന്റെ വീട് ഇടിമിന്നലേറ്റ് കത്തി പോയിരിക്കുന്നു.മഴ തോരുന്നത് വരെ ഞാൻ കുരുവി ചേച്ചിയുടെ വീട്ടിൽ നിന്നോട്ടെ? അപ്പോൾ കുരുവി പറഞ്ഞു നീ എന്റെ വീട്ടിൽ മഴ തോരുന്നത് വരെ നിന്നോ പക്ഷേ ഞാനിപ്പോൾ എന്റെ കുട്ടിയെ കുളിപ്പിക്കുകയാണ്.കുറച്ച കഴിഞ്ഞു കാക്ക വീണ്ടും കതകിൽ തട്ടി പറഞ്ഞു കുരുവി ചേച്ചി ...വാതിൽ തുറക്കു മഴയുടെ ശക്തി കൂടുന്നു.അപ്പോൾ കുരുവി പറഞ്ഞു അല്പം ക്ഷമിക്കു കാക്കേ ഞാൻ എന്റെ കുട്ടിയെ തുണിയുടുപ്പിക്കുകയാണ് .കുറച്ചകഴിഞ്ഞ കാക്ക വീണ്ടും മുട്ടി കുരുവി ചേച്ചി..... വാതിൽ തുറക്കു ഞാൻ മുഴുവനും നനഞ്ഞു.അപ്പോൾ കുരുവി പറഞ്ഞു.ഒരു നിമിഷം കാക്കേ ഞാൻ എന്റെ കുട്ടിയെ പൊട്ട് തൊടിയിപ്പിക്കുകയാ.... അൽപനേരം കഴിഞ്ഞു കാക്ക വീണ്ടും മുട്ടി.കുരുവി ചേച്ചി ....... വാതിൽ തുറക്കു....എനിക്കിപ്പോൾ പനി പിടിക്കും.അപ്പോൾ കുരുവി പറഞ്ഞു കുറച്ച ക്ഷമിക്കു കാക്കേ..... ഞാൻ എന്റെ കുട്ടിയെ ഉറക്കുകയാണ്.കുറച്ചു കഴിഞ്ഞപ്പോൾ കാക്കയുടെ ക്ഷമ കേട്ടു. അവസാനമായി കാക്ക കതകിൽ മുട്ടി.കുരുവി ചേച്ചി ഒന്ന് വാതിൽ തുറക്കു... കാക്ക അപേക്ഷിച്ചു.അപ്പോൾ കുരുവി വാതിൽ തുറന്നു.കാക്കയോട് അകത്തേക്ക് വരാൻ പറഞ്ഞു.പിന്നീട് കാക്കക്കു ദേഹം തുടക്കാൻ തോർത്തു കൊടുത്തു.കുരുവി പറഞ്ഞു.നീ ഇവിടെ ഇരിക്കു... ഞാൻ പോയി... കുളിച്ചിട്ട് വരാം.കുരുവി കുളിക്കാൻ പോയി.കാക്ക അവിടെ ഇരുന്നപ്പോൾ അടുക്കളയിൽ നിന്നും നല്ല പാല്പായസത്തിന്റെ മണം വന്നു.കാക്ക അടുക്കളയിൽ ചെന്ന് നോക്കി.അടുപ്പിൽ നല്ല ചൂടുള്ള പായസം.ഇത് കണ്ട കാക്കക്കു കൊതി അടക്കാൻ കഴിഞ്ഞില്ല.കുരുവി കുളിക്കുന്ന



തക്കം നോക്കി പായസം ഇരിക്കുന്ന പാത്രത്തിന്റെ അടുത്ത ചെന്ന് നോക്കി.നല്ല ചൂടുള്ള പായസം! കാക്ക കുറച്ച എടുത്തു കഴിച്ച നോക്കി.നല്ല സ്വാദ് ! പിന്നീട് കാക്കക്കു ആർത്തി മൂത്തു ആ പായസം മുഴുവൻ തിന്നു.അപ്പോഴേക്കും കുരുവി കുളിച്ചിട്ട് വന്നു.കുരുവി കുട്ടിക്ക് കൊടുക്കാൻ പായസം എടുക്കാൻ പോയപ്പോൾപായസം തീർന്നിരിക്കുന്നു.കുരുവിക്ക് ദേഷ്യം വന്നു.അടുപ്പിലിരുന്ന വിറക് കൊള്ളി എടുത്ത് കാക്കയുടെ ദേഹത്തേക്ക് എറിഞ്ഞു.കാക്കയുടെ കാലിനു തീ പിടിച്ചു.കാക്ക കണ്ട വഴി ഓടി !!

**അൽമ**
**ജോസ് മോൻ**
**8 ബി**

# മൗനം

നാം സംസാരിച്ച നാളുകൾ ഞാൻ ഓർക്കുന്നു
സമയ വാഹനത്തിന്റെ ചക്രങ്ങൾ ചലിച് ചലിച് മടുത്തു
എങ്കിലും അതിനെ വീണ്ടും പതിയെ പതിയെ ചലിപ്പിച് നാം
സമയം കണ്ടെത്തിയ നാളുകൾ ഞാൻ ഇന്ന് നിറകണ്ണുകളോടെ
ഓർക്കുന്നു
പറയാൻ വാക്കുകളില്ല്യന്ന് എനിക്ക് കാരണം നിന്റെ
വേർപാടിന്റെ വേദനവില്ല്  ആഴത്തിലെന്റെ നെഞ്ചിൽ വന്ന്
അഗാധത്തോടെ തറച്ച പോയി
ഇത്രയും എന്തിനാണ് നിന്നീടെനിക്കിഷ്ടം എന്നതിന്
എനിക്കൊരുത്തരം മാത്രം ......മൗനം
ആ മൗനം ചിലപ്പോൾ കത്തിയെരിയുന്ന
കനലായിരിക്കാം
തിരകളടിക്കുന്ന ആഴ കടലായിരിക്കാം
കാരണം ഒന്നുമാത്രം നീ ....

JAMEEMA JOHN
IX B

# ഒരു അമ്മയും കുട്ടിയും



ഒരിടത്ത് ഒരു അമ്മ അടുപ്പിൽ തീ പിടിപ്പിച്ചു. അതിൽ വെള്ളം തിളപ്പിക്കുവാൻ വെച്ചു. അതുപോലെ തന്നെ അടുത്ത അടുപ്പിലും വെള്ളം വെച്ചു. അത് കണ്ട് ഓടിവന്നു കുട്ടി അമ്മയുടെ സാരിത്തുമ്പിൽ പിടിച്ചു വലിച്ചു.  അമ്മ അടുപ്പിൽ വെള്ളം വെച്ചിട്ട് ദേഷ്യത്തോടെ അമ്മ കുട്ടിയുടെ നേരെ തിരിഞ്ഞു ചോദിച്ചു നീ എന്തിനാണ് സാരിത്തുമ്പിൽ വലിച്ചത്? എങ്ങാനും വെള്ളം താഴെ പോയിരുന്നുവെങ്കിൽ നമ്മൾ തെന്നി വീഴത്തില്ലേ?  അമ്മ ചോദിക്കുന്ന ചോദ്യത്തിന് ഒന്നിനും കുട്ടി ഉത്തരം പറഞ്ഞില്ല. അമ്മ സ്നേഹത്തോടെ കുട്ടിയോട് പിന്നെയും ചോദിച്ചു. അപ്പോൾ ആ കുട്ടി അമ്മയോട് പറഞ്ഞു എനിക്ക് വിശക്കുന്നു. അപ്പോൾ അമ്മ ഒന്ന് ചിരിച്ചിട്ട് പറഞ്ഞു. നീ അതിനാണോ എൻറെ സാരിത്തുമ്പിൽ പിടിച്ചു വലിച്ചത്? അപ്പോൾ കുട്ടി ഒന്ന് ചമ്മിയ ഭാവത്തോടെ പറഞ്ഞു. അതെ ഞാൻ അതിനാണ് അമ്മയുടെ സാരി പിടിച്ചത്. അപ്പോൾ ആ അമ്മ നല്ല മധുരമുള്ള  ബിസ്ക്കറ്റ് കൊടുത്തു. എന്നിട്ട് അമ്മ ഒരു നല്ല ഉപദേശം കൊടുത്തു .സ്വന്തം കാര്യങ്ങൾ സ്വന്തമായി തന്നെ ചെയ്യുക. പിന്നെ ആ കുട്ടി സ്വന്തം കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങി. മറ്റുള്ളവരെ പ്രേരിപ്പിക്കുവാനും തുടങ്ങി.

ഐറിൻ

# കാക്ക



പണ്ട് പണ്ട് ഒരു കാലത്തു ഒരു കാക്ക ഉണ്ടായിരുന്നു . വേനൽ ആയിരുന്നതിനാൽ ആ കാക്കയ്ക്ക് വളരെ ദാഹം തോന്നി . ആ കാക്ക എല്ലായിടത്തും വെള്ളം അന്വേഷിച്ചു നടന്നു . അവസാനം അകലെ ഒരു വീട്ടിൽ ഒരു ചെറു കുടത്തിൽ വെള്ളം കണ്ടു .ആ വീട് ലക്ഷ്യമാക്കി അങ്ങോട്ട് പോയി . ആ കുടത്തിൽ നിന്നു വെള്ളം കുടിക്കാൻ പറ്റിയില്ല .കാരണം കുടത്തിനു താഴെ കുറച്ചു വെള്ളമേ ഉണ്ടായിരുന്നുള്ളു . പക്ഷേ ബുദ്ധിശാലിയായ കാക്ക നിലത്തു കുറച്ചു കല്ലുകൾ കണ്ടു . ആ കല്ലുകൾ ഓരോന്നായി എടുത്തു ഇടാൻ തുടങ്ങി . അപ്പോൾ ആ കുടത്തിൽ ഉള്ള വെള്ളം നിറഞ്ഞു വന്നു . കാക്കയ്ക്ക് വളരെ സന്തോഷം ആയി . അത് ദാഹം തീരുവോളം കുടിച്ചു . ഈ കഥ നമ്മളെ പഠിപ്പിക്കുന്ന പാഠം , പരിശ്രമിച്ചാൽ വിജയം നേടാൻ സാധിക്കും .

അൽഫോൻസ ഷിബു

5 A

# പാവമായ അനിയത്തി പ്രാവ്



പണ്ട് പണ്ട് ഒരു കലത്ത് രണ്ട് പ്രാവുകൾ ഉണ്ടായിരുന്നു .പക്ഷേ അവരിൽ ഒരാൾ അനിയത്തിയും ഒരാൾ ചേട്ടനായിരുന്നു അനിയത്തി പ്രാവ് ഒരു പാവമായിരുന്നു .പക്ഷേ ചേട്ടൻ വളരേ കുശുമ്പാനായിരുന്നു ഒരു ദിവസം അവർ പറന്നുകൊണ്ടിരിക്കുകയായിരുന്നു.

അപ്പോഴാണ് കുറച്ച് അരിമണികൾ കണ്ടത് .അനിയത്തിയോട് അവൻ പറഞ്ഞു .ഏതു വേകമെടുക്കുക അവൾ അത് എടുത്തു പറന്നു വീട്ടിലേക്ക് പോയി .അവൾ ഈ അരിമണികൾ വറുത്ത് ചേട്ടൻ പ്രാവിന് കൊടുത്തു.അവൻ നോക്കിയപ്പോൾ കുറച്ച് അരിമണികൾ കണുന്നില്ല .ചേട്ടൻ ഓർത്തു ചിലപ്പോൾ ഇവൾ എന്റ്അരിമണികൾ കട്ടുതിന്നു എന്ന് വിജാരിച്ചു .അവൻ ദേഷ്യവും സങ്കടവും സഹിക്കാനാകാനാകാതെ അവളെ കൊത്തി കൊത്തി കൊന്നു .അവൻ ബാക്കിവന്ന അരിമണികൾ വറത്തു .അവൻ പറഞ്ഞു ഞാൻ ഏതു എന്താണ് ചെയ്തത് ഞാൻ എന്റെ അനിയത്തിയെ കൊത്തികൊന്നല്ലോ .സങ്കടത്തോടെ അവൻ അവന്റെ നാട്ടിൽ നിന്ന് പറന്നു പറന്നു പോയി. ഈ കാര്യം നാട് മുഴുവൻ അറിഞ്ഞു .

മിഷേൽ തോമസ്
std 5

# കുരുവി



കുരുവിയെ കുരുവിയെ വരൂ
കുരുവിയെ കുരുവിയെ വരൂ
എൻ തോളിൽ വന്നിരിക്കൂ
നിൻ പാട്ടു കേൾക്കട്ടെ കുരുവി
കുരുവിയെ കുരുവിയെ വരൂ
കുരുവിയെ കുരുവിയെ വരൂ
നിൻ സ്വരം കേൾക്കാൻ എന്തു രസം
ഞാൻ ഉറങ്ങിക്കോട്ടെ കുരുവിയെ
കുരുവിയെ കുരുവിയെ വരൂ
കുരുവിയെ കുരുവിയെ വരൂ
വന്നു നീ പാട്ടുപാടൂ
കുരുവിയെ
കുരുവിയെ കുരുവിയെ വരൂ

ക്രിസ്റ്റി
ക്ലാസ് 5

# കെട്ടുപോയ കുടുംബ വിളക്ക്

ഒരു സമ്പന്ന കുടുംബത്തിലാണ് ജനനമെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദ മൂലം എല്ലാവരും തള്ളിപ്പറഞ്ഞ ഒരു കുടുംബം.ഈ കുടുംബത്തിലേക്കാണ് അവളുടെ വരവ്.അപ്പന്റെയും അമ്മയുടെയും എല്ലാം അവളായിരുന്നു.അവളിലായിരുന്നു അവരുടെയെല്ലാം പ്രദീക്ഷകളും.ഇവളുടെ പേര് സാൻഡ്രിയ.പക്ഷേ അവളുടെ സന്തോഷങ്ങളും ചിരികളും കുട്ടികുറുമ്പുകളും ഒന്നും ഈ അപ്പനും അമ്മക്കും കണ്ടാസ്വദിക്കാൻ സാധിച്ചില്ല.കാരണം ഈ രണ്ടുപേർക്കും ഇവരെ തള്ളിപ്പറയുന്നവരുടെ മുൻപിൽ തലയുയർത്തി നിൽക്കണം എന്ന വാശി ഉണ്ടായിരുന്നു.അതിനുവേണ്ടി രണ്ടുപേരും അധ്വാനിച്ചു.അങ്ങനെ അപ്പനും അമ്മയും ജോലിസംബന്ധമായി പലവഴിക്ക് പോയി.എത്ര തിരക്കിലും ഇവരുടെ പൊന്നോമനയായ സാൻഡ്രിയയെ ഇവർ മറന്നില്ല.സുരക്ഷിതമായി അമ്മയുടെ വീട്ടിൽ കൊണ്ടുപോയി ആക്കി സാൻഡ്രിയയ്ക്ക് ഇത് ഒട്ടും സന്തോഷമുള്ള കാര്യമല്ലായിരുന്നു അവൾ 1 –ൽ ആണ് പഠിക്കുന്നത് .ഇത്ര ചെറുപ്പത്തിലേ തന്റെ മകളെ പിരിഞ്ഞിരിക്കുന്നതിൽ ഈ അപ്പനും അമ്മക്കും നല്ല സങ്കടമുണ്ടായിരുന്നു അതിലുപരി സങ്കടമായിരുന്നു സാൻഡ്രിയയ്ക്ക് .അവളെ കൊണ്ടുപോകാൻ അവളുടെ അപ്പനും അമ്മയും വന്നു.അങ്ങനെ അവൾ തന്റെ അപ്പനും അമ്മയും അകലുന്നത് കണ്ടുനിന്നു.അവളുടെ കണ്ണുനീർ ഓരോ തുള്ളിയായി ഭൂമിയിൽ പതിഞ്ഞു.ആദ്യമൊക്കെ അപ്പച്ചനും അമ്മച്ചിയായും അവൾക്കു സഹകരിക്കാൻ സാധിച്ചില്ലെങ്കിലും പിന്നീട് സന്തോഷമായി തന്നെ അവൾ ജീവിച്ചു.എല്ലാ ദിവസവും അപ്പനും അമ്മയും അവളെ വിളിച്ചു കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു.പഠിക്കാൻ മിടുമിടുക്കിയായായിരുന്നു സാൻഡ്രിയ.അങ്ങനെ കുറെ വർഷങ്ങൾ നീണ്ടുപോയി.സന്ദോഷങ്ങളും ദുഃഖങ്ങളും അവളുടെ ജീവിതത്തിൽ മാറി മാറി വന്നു.അപ്പോഴൊക്കെ താങ്ങായി നിന്നത് അവളുടെ അപ്പച്ചനും അമ്മച്ചിയാണ് .പതുക്കെ പതുക്കെ സാൻഡ്രിയ മനസ്സിൽ തന്റെ അമ്മക്കും അപ്പനും ഉള്ള സ്ഥാനത്തു അപ്പച്ചനും അമ്മച്ചിയുമായി.അങ്ങനെ അവളുടെ ജീവിതം സന്തോഷമായി പോകുന്നതിന്റെ ഇടയിലാണ് അവൾക്കു ഒരു ഫോൺ കാൾ വരുന്നത്.ആ ഫോൺ കാൾ അവളുടെ ജീവിതം മാറ്റിമറിക്കുന്നു അത് അവളുടെ അമ്മയായിരുന്നു അവളുടെ അമ്മ വരാൻ പോകുന്നു.അതോർത്തു അവൾ ഒത്തിരി സങ്കടപ്പെട്ടു.അവൾ അമ്മയിൽ നിന്ന് ഒത്തിരി അകന്നിരുന്നു.അവളുടെ പ്രിയപ്പെട്ട അമ്മച്ചിയേയും അപ്പച്ചനെയും അകലുന്നതിൽ അവൾ ഒത്തിരി വിഷമിച്ചു അങ്ങനെ അവൾ അമ്മച്ചിയെ കെട്ടിപിടിച്ചു കരഞ്ഞു.അമ്മച്ചിക്കും ഇത് താങ്ങാൻ സാധിക്കുന്ന ഒന്നല്ലായിരുന്നു.അങ്ങനെ സാൻഡ്രയായുടെ മനോവിഷമം കൂടി അവസാനം അവൾ നാട്ടുകാരെയും വീട്ടുകാരെയും ഞെട്ടിച്ചുകൊണ്ട് അവൾ കാണാ ദൂരത്തേക്ക് പോയ്.സാൻഡ്രിയ തുണിക്കഷ്ണത്തിൽ അവളുടെ ജീവിതം ചുരുക്കി കളഞ്ഞു.അങ്ങനെ സാൻഡ്രിയ എന്ന പെൺകുട്ടിയുടെ കഥയും അവസാനിച്ചു.



**അലീന ജോഷി**

**9A**

# യാത്രാ വിവരണം

ജനുവരി 24ആം തീയതി സ്കൂളിൽ നിന്നും മൂന്നാറിലേക്ക് യാത്ര പോകുവാൻ തീരുമാനിച്ചു. 1200 രൂപയായിരുന്നു ചാർജ്. വീട്ടിൽനിന്ന് എന്നെയും പോകുവാൻ സമ്മതിച്ചു. 24ആം തീയതി രാവിലെ ആറുമണിയായപ്പോൾ ഞാൻ എൽപി സ്കൂളിന്റെ മുൻപിൽ ചെന്നു. അവിടെ അപ്പോൾ ഞങ്ങൾക്ക് പോകുവാനുള്ള ബസ് വന്നു കിടപ്പുണ്ടായിരുന്നു. അവിടെ നിന്നും യാത്ര പുറപ്പെട്ട് കുറച്ച് കഴിഞ്ഞപ്പോൾ മുതൽ ഞങ്ങൾ പാട്ടും ഡാൻസും ഒക്കെയായി ആഘോഷിക്കുവാൻ തുടങ്ങി. പ്രഭാത ഭക്ഷണം കഴിക്കാൻ ഒരു വെള്ളച്ചാട്ടത്തിന്റെ അടുത്ത് ബസ് നിർത്തി. അവിടെ നിന്നും ഭക്ഷണം കഴിച്ച ഫോട്ടോയൊക്കെ എടുത്തു. കുറെ കുരങ്ങന്മാർ അവിടെ ഉണ്ടായിരുന്നു. നല്ല രസമായിരുന്നു. വീണ്ടും ബസ്സിൽ കയറി യാത്ര തുടർന്നു. പോകുന്ന വഴിയിൽ നല്ല നല്ല കാഴ്ചകൾ കണ്ടു. കുറെ മലകളും കണ്ടു.



നല്ല തണുപ്പും ഉണ്ടായിരുന്നു. ഉച്ചയോട് കൂടി ഞങ്ങൾ ഒരു അഡ്വഞ്ചർ പാർക്കിൽ എത്തി. അവിടെ കുറെ റൈഡുകൾ ഉണ്ടായിരുന്നു. 12 വയസ്സിന് മുകളിൽ മാത്രം കയറുവാൻ പറ്റുന്നവർക്കും ഉള്ള റൈഡുകൾ ഉണ്ടായിരുന്നു. അവിടെയും നല്ല രസമായിരുന്നു. കുറെയേറെ ഫോട്ടോ ഞങ്ങൾ എടുത്തു. ഭക്ഷണവും അവിടെ ഇരുന്നു കഴിച്ചു. ഹൊറർ ഹൗസിലും ജംഗിൾ ഹൗസിലും കയറി. എനിക്ക് പേടിയുണ്ടായിരുന്നു. അവിടെനിന്ന് ഞങ്ങൾ ഡാൻസ് ഒക്കെ കളിച്ചു. പിന്നെ ഞങ്ങൾ കുറെ പേര് തോട്ടങ്ങൾ കണ്ടു അവിടെ നിന്നും ഫോട്ടോ എടുത്തു. പിന്നെ കടയിലൊക്കെ കയറി ഇഷ്ടമുള്ള



സാധനങ്ങളൊക്കെ വാങ്ങിച്ചു. രാത്രി ഒരു കടയിൽ നിന്ന് ഫുഡ് കഴിച്ചു പന്ത്രണ്ടര ആയപ്പോൾ ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി. എനിക്ക് വളരെ സന്തോഷമുള്ള ഒരു ദിവസമായിരുന്നു. അത് എന്നും എൻറെ ഓർമ്മകളിൽ ഈ ദിവസം ഉണ്ടായിരിക്കും.

കെസിയ കെ ജിനു

# ഫോറെവർ ബെസ്റ്റീസ്



2020 നവംബർ 1 കോവിഡ് സമയത് ക്ലാസ് തുടങ്ങി.8 പേർ അടങ്ങുന്ന ഒരുതോണിയിൽ അവർ യാത്ര ചെയ്യാൻ തുടങ്ങി.കൂടെ പിറക്കാതെ കൂടപ്പിറപ്പിന്റെ സ്ഥാനം തരുന്ന ചിലരുണ്ട് ഒപ്പം നിൽക്കുന്ന ചിലരുണ്ട്.അതിൽ 4 പെൺകുട്ടികളും 4 ആൺകുട്ടികളുമായിരുന്നു ഉള്ളത്. ചിരിയും കളിയുമായി അവരുടെ ജീവിതം അങ്ങനെ മുന്നോട്ട് പോയി.പുസ്തകത്തിന്റെ താളുകൾ മറഞ്ഞുപോയതുപോലുള്ള ഒരു ഓർമ്മ.1 മുതലുള്ള പരിചയമാണ് എന്നാൽ 7 ലാണ് കൂടുതൽ അടുപ്പം കൂടിയത് 4 പെൺകുട്ടികൾ അവർ ഒരു ഗ്യാങ് തന്നെ ആയിരുന്നു.ഒരു അഡാർ ഗ്യാങ്."ലാസ്റ്റ്ബെഞ്ചേഴ്സ്".കുറെ പെണ്ണുകൾക്ക് അവരോട് കുശുമ്പായിരുന്നു.പക്ഷെ അവർ നെവർ മൈൻഡ് ഇറ്റ്.അങ്ങനെ പോയി.....വൈബ്.....കൂട്ടത്തിൽ വൈബ് ആവാൻ ഒരു ടീച്ചർ കൂടി ഉണ്ടായിരുന്നു ഒരു നദിയായി കൂടെ വന്നു.....യമുന മിസ്സ് ഒരു വേറെ ഫീൽ തന്നെ ആയിരുന്നു അവർക്ക് അറിയാൻ പാടില്ലാത്ത കാര്യങ്ങൾ പോലും പറഞ്ഞു കൊടുത്തു .എ ബിഗ് സിസ്റ്റർ കെയർ.ഒരു ബ്യൂട്ടി ലേഡി.....ലിപ്സ്റ്റിക് ഇത്തിരി ഓവർ ആണ്. എന്നാൽ ഒരു പ്രോബ്ലം മാത്രം യമുന നദിയായി വന്നു യമുന നദിയായി പോയി.ആ നാല് പെണ്ണുകളുടെ പേരായിരുന്നു 'നവ്യ,എലിസബത്ത്,ജെറിൻ,അയന'.പിന്നെ നാല് ആണുങ്ങളുടെ പേരായിരുന്നു അക്ഷയ്,മാത്യൂസ്,സാബിൻ,ഹരി. ഇങ്ങനെ ദിവസങ്ങൾ കുറെ കടന്നുപോയി അപ്പോൾ അവരുടെ ആ ഗ്യാങ്ങിൽ നിന്ന് 2 പെണ്ണുങ്ങളും 3 ആണുങ്ങളും പടിയിറങ്ങുന്നു.ഇപ്പോൾ അവർ വേറെ സ്കൂളിൽ ആണ് അവർക്ക് വളരെ അധികം സങ്കടമുണ്ട്.ഒരിക്കിലും മിണ്ടില്ലന്ന് പറയും ,എന്നാൽ ഒരിക്കിലും മിണ്ടാതെ ഇരിക്കാൻ പറ്റില്ല ....മറക്കുവാൻ ഒരിക്കിലും കഴില്ല ...ഒരിക്കലും മറക്കുകയും ഇല്ല.

**ജെറിൻ ജെയിംസ്**

**9B**

# പാചക കല

## ബ്രഡ് മസാല

### ആവശ്യമായ സാധനങ്ങൾ

ബ്രഡ്
സബോള
തക്കാളി
ഇഞ്ചി
വെളുത്തുള്ളി
പേസ്റ്റ്
ഉപ്പ്
ജീരകം
എണ്ണ
ടൊമാറ്റോ സോസ്
മുളകുപൊടി
മല്ലിപ്പൊടി
മഞ്ഞൾപ്പൊടി
ഗരം മസാല




### തയ്യാറാക്കുന്ന വിധം

ബ്രഡ് ചെറിയ കഷണങ്ങളായി മുറിക്കുക. ഒരു പാത്രത്തിൽ കുറച്ച് എണ്ണ ഒഴിക്കുക. അതിലേക്ക് കഷ്ണങ്ങളായി മുറിച്ച ബ്രഡ് ഇട്ട് ഇളക്കി എടുക്കുക. അതേ പാത്രത്തിൽ കുറച്ചുകൂടി എണ്ണ ഒഴിച്ച് ചൂടാക്കുക. അതിലേക്ക് സവാള, ജീരകം, ഇഞ്ചി, വെളുത്തുള്ളി പേസ്റ്റ് എന്നിവ ഇട്ട് നന്നായി വഴറ്റിയെടുക്കുക. അതിലേക്ക് തക്കാളി ഇട്ട് ഇളക്കി യോജിപ്പിക്കുക. മുളകുപൊടി, മഞ്ഞൾപ്പൊടി, മല്ലിപ്പൊടി, ഗരംമസാലപ്പൊടി, ഉപ്പ് ആവശ്യത്തിന് ഇട്ട് ഇളക്കി യോജിപ്പിക്കുക. അതിലേക്ക് നേരത്തെ മുറിച്ചുവെച്ച ബ്രഡ് ഇടുക. ടൊമാറ്റോ സോസും ഇട്ട് നന്നായി ഇളക്കുക. ബ്രെഡ് മസാല റെഡി.

**തയ്യാറാക്കിയത് - ജൂലിയ അന്നാ അജോ**

# പാചക കല

## സോയ 65

### ആവശ്യമായ സാധനങ്ങൾ



സോയാചങ്ക്സ്
അരിപ്പൊടി
മൈദ
വെളുത്തുള്ളി ഇഞ്ചി പേസ്റ്റ്
മുളകുപൊടി
മല്ലിപ്പൊടി
ഗരം മസാല
മഞ്ഞൾപ്പൊടി
പച്ചമുളക്
കറിവേപ്പില
വെളിച്ചെണ്ണ
ഉപ്പ്

### തയ്യാറാക്കുന്ന വിധം

സോയ ചങ്ക്സ് ചൂടുവെള്ളത്തിൽ രണ്ടുമിനിറ്റ് വേവിച്ചെടുത്ത് വെള്ളം പിഴിഞ്ഞ് കളഞ്ഞ് മാറ്റിവയ്ക്കുക. വെളിച്ചെണ്ണ ഒഴികെയുള്ള ചേരുവകൾ ഒരു പാത്രത്തിൽ എടുത്ത് ഇളക്കി യോജിപ്പിക്കുക. ഇതിലേക്ക് സോയാചങ്ക്സ് കൂടി ഇട്ട് മസാല നന്നായി പിടിക്കും വിധം ഇളക്കി യോജിപ്പിക്കാം. ആവശ്യമെങ്കിൽ അല്പം വെള്ളവും ചേർക്കണം. ഇനി ഇത് വെളിച്ചെണ്ണയിൽ വറുത്തെടുത്താൽ മതി. സോയ 65 റെഡി.

**തയ്യാറാക്കിയത് -അലോണ ബിജേഷ്**

# പാചക കല

## ഉള്ളിവട

### ആവശ്യമായ സാധനങ്ങൾ

സവാള
ഇഞ്ചി വെളുത്തുള്ളി പേസ്റ്റ്
വെളിച്ചെണ്ണ
കറിവേപ്പില
ജീരകം
ആട്ടപ്പൊടി
പച്ചമുളക്




### ഉണ്ടാക്കുന്ന വിധം


ഒരു പാത്രത്തിൽ സവാള ചെറുതായി അരിഞ്ഞതും ഇഞ്ചി വെളുത്തുള്ളി പേസ്റ്റും പച്ചമുളകും കറിവേപ്പിലയും നന്നായി കൈകൊണ്ട് ഇളക്കുക. അതിലേക്ക് ആവശ്യത്തിന് ആട്ടപ്പൊടി ഇടുക. കുറച്ച് വെള്ളവും ഒഴിച്ച് (ഒരുപാട് കൂടരുത് വെള്ളം പോലെ ആകരുത് മീഡിയം) ആവശ്യത്തിനു ഉപ്പും കുറച്ച് ജീരകവും ഇട്ട് നന്നായി ഇളക്കുക. വേറെ ഒരു പാത്രത്തിൽ എണ്ണ ഒഴിച്ച് ചൂടാക്കുക. എണ്ണ ചൂടാക്കുമ്പോൾ അതിലേക്ക് നേരത്തെ ഉണ്ടാക്കി വച്ച ബട്ടർ ഒരു സ്പൂൺ ഉപയോഗിച്ച് അതിലേക്ക് ഇടുക. തീ കുറച്ച് ഇടുക. ചെറിയ ബ്രൗൺ നിറമാകുമ്പോൾ ഉള്ളിവട എണ്ണയിൽ നിന്നും എടുക്കുക. ഉള്ളിവട റെഡി.


തയ്യാറാക്കിയത് -കീർത്തി മരിയ സജി

# ചിത്രരചന



BHAMA.S


DORA
Vrinda Vinod
6th class
[redacted] Div:A



By. NEVA MARIA Joji


By: Eva Anna Joji

# ചിത്രരചന


by
Angelena Sunny


TOMMY
Ann Mariya
Sunny
7 A


By
Helna Shijo
VII


Analenah Sugesh


# ചിത്രരചന












# ചിത്രരചന



NAME : Aswathy .k.suni




ANN MARIYA
Class: VII A



TEA
Cute
Varsha Vinod
VII

# ചിത്രരചന


Christeena Margarate


Helna Shino


Helna Shino STD.V


8B Ayona mary shinto

# മാപ്പിള പാട്ട്

കൊലുസ് കെട്ടിയ
സുവർണ സുന്ദരി
ചിഞ്ചിലം ചിഞ്ചിലമോടെ
മധുര നൊമ്പര മുതിരും പട്ടിൻ
ഇശലു കൊണ്ടു വാ

മണക്കും അത്തര്
പരക്കും തെന്നലിൽ
ഉലയും തട്ടത്തിൽ നീലെ
ഉദിച്ച നക്ഷത്ര മുത്തുകൾ
തോറും പ്രണയം കൊണ്ട് വാ



അഴകിൻ വസന്തമേ
അനുരാഗ ത്രൂപിണീ
ചന്ദ്രിക ചാറിൽ കുളിച്ചു വാ നീ
ലൈലയും മജ്നു മായിടാം

ചന്ദന കാറ്റിൽ ഒഴുകുവാൻ നീ
സുഹറയും മജീദു മായിടാം

ലാവുതിക്കണ നേരമായിതാ
പ്രിയ സാജിത
മാല കോർത്തു ചാർത്തിടാം
മാറിലായി ചാഞ്ഞീടാം
ഓർത്തു വെച്ച ബൈത്ത് പാടീടാം

മഞ്ഞു പെയ്യും കാലമായിതാ
പ്രിയ സാജിതാ
കൂടൊരുക്കി കാത്തിരിക്കുമെൻ
കൂട്ടിനായി പോരാമോ എന്റെ പ്രണയ സഖീ പോരാമോ

ശ്രീബാല രാജീവ്
5 ബി